**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5468** **13-08-2021 - ൽ മറുപടിയ്ക്ക്**

**പട്ടികജാതി കോളനികളിലേക്കുള്ള റോഡുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ടി. എ. റഹീം | | **Shri K. Radhakrishnan**<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പ് മന്ത്രി ) | |
| (എ) | പട്ടികജാതി കോളനികളിലേക്കുള്ള റോഡുകൾ നന്നാക്കുന്നതിന് പ്രത്യേക പദ്ധതി നിലവിലുണ്ടോ; വിശദമാക്കാമോ; | (എ) | പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർ ഗുണഭോക്താക്കളായ റോഡുൾപ്പെടെയുള്ള അടിസ്ഥാന സൗകര്യ വികസന പദ്ധതികൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുവദിക്കുന്ന SCSP ഫണ്ട്, വകുപ്പിന്റെ കോർപ്പസ് ഫണ്ട് എന്നിവ വിനിയോഗിച്ചാണ് നിർവ്വഹണം നടത്തുന്നത്. ഇപ്രകാരമുള്ള പ്രവൃത്തികൾ ത്രിതല പഞ്ചായത്തുകൾ മുഖാന്തിരമാണ് നടപ്പാക്കി വരുന്നത്. കൂടാതെ എം.പി/എം.എൽഎ ഫണ്ടുകളും വിനിയോഗിക്കാവുന്നതാണ്. |
| (ബി) | കോർപ്പസ് ഫണ്ടിൽ നിന്നും തുക അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ; | (ബി) | 2014-15 ബഡ്ജറ്റ് പ്രകാരം കോർപ്പസ് ഫണ്ടിന്റെ 1/3 തുക ജില്ലാ തലത്തിൽ വിനിയോഗിക്കണം എന്നും ഇതിൽ 25 ലക്ഷം രൂപവരെയുള്ള പദ്ധതികളുടെ ഭരണാനുമതി ഉത്തരവ് ജില്ലയിൽ നടപ്പിലാക്കണം എന്നും നിർദ്ദേശിച്ചിരുന്നു. കൂടാതെ ഇത്തരത്തിലുള്ള ഭരണാനുമതി ഉത്തരവ് നൽകുന്നതിന് ജില്ലാതലത്തിൽ ഒരു കമ്മിറ്റി രൂപീകരിക്കേണ്ടതാണ് എന്ന് ബഡ്ജറ്റിൽ പറയുന്നു. ഇപ്രകാരം ജില്ലാതലത്തിൽ ഭരണാനുമതി നൽകുന്നതിനും പദ്ധതികൾ നടപ്പിലാക്കുന്നതിനും മോണിറ്റർ ചെയ്യുന്നതിനുള്ള വിശദാംശം ഉൾക്കൊള്ളുന്ന മാർഗ്ഗ നിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു. 1. കുടിവെള്ള വിതരണം - പട്ടിക വിഭാഗങ്ങൾക്ക് വ്യക്തിഗത കണക്ഷനും, ജനറൽ വിഭാഗക്കാർക്ക് ഒന്നോ രണ്ടോ പൊതു ടാപ്പും നൽകുന്ന രീതിയിൽ ഫീസിബിലിറ്റി, ഗുണഭോക്തൃ ലിസ്റ്റ്, സോഷ്യൽ മാപ്പ് എന്നിവ ലഭ്യമാക്കി പദ്ധതി നടപ്പിലാക്കണം. 2. ഗതാഗത സൗകര്യ വികസനം - കോളനിക്കുള്ളിലെ റോഡുകൾ, സംരക്ഷണ ഭിത്തി, കലുങ്ക് എന്നിവ മാത്രം ജില്ലാ പട്ടികജാതി വികസന ഓഫീസറുടെ ഫീസിബിലിറ്റി ഉറപ്പാക്കി മാത്രം നടപ്പിലാക്കുന്നു. 3. വൈദ്യുതി വിതരണം - |

| | | | |
|---|---|---|---|
| | | | പട്ടികജാതി സങ്കേതങ്ങൾ, ഒറ്റപ്പെട്ട കുടുംബങ്ങൾ, കോളനിക്കുള്ളിലെ വഴി വിളക്കുകൾ എന്നിവ മാത്രം 4. പട്ടികജാതി സങ്കേതങ്ങളിലെ വിദ്യാർത്ഥികളുടെ സമഗ്ര പുരോഗതിക്ക് ഉതകുന്ന പ്രൊജക്ടുകൾ DIET ന്റെ സഹായത്തോടെ തയ്യാറാക്കി ജില്ലാ സമിതി പരിശോധിച്ച് നിർവ്വഹണം നടത്തുന്നു. 5. നിലവിൽ പട്ടികജാതി ക്ഷേമത്തിനായി വകുപ്പ്/തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നടപ്പിലാക്കിയ ഏതെങ്കിലും പ്രത്യേക ഘടകപദ്ധതി അടിസ്ഥാനത്തിലുള്ള പ്രോജക്ട് പൂർത്തീകരിക്കുകയും എന്നാൽ ഏതെങ്കിലും കാരണങ്ങളാൽ കമ്മീഷൻ ചെയ്യുവാൻ സാധിക്കാതെ വരികയും ചെയ്തിട്ടുള്ള പ്രൊജക്ട് കമ്മീഷൻ ചെയ്യുന്നതിനും ഈ തുക വിനിയോഗിക്കാവുന്നതാണ്. 6. വിജ്ഞാൻവാടികളുടെ ആവർത്തന ചെലവുകൾ |
| (സി) | കോഴിക്കോട് ജില്ലയിൽ ഓരോ ബ്ലോക്ക് അടിസ്ഥാനത്തിൽ 2019-20,2020-21,2021-22 വർഷങ്ങളിൽ കോർപ്പസ് ഫണ്ടിൽ നിന്നും എത്ര തുക വീതമാണ് അനുവദിച്ചിരുന്നതെന്നും വ്യക്തമാക്കാമോ; | (സി) | 2019-20 ബ്ലോക്ക് 1. മേലടി - 3079022/- 2. ചേളന്നൂർ - 4595000/- 3. പേരാമ്പ്ര - 2505000/- 4. കോഴിക്കോട് - 3448000/- 5. ബാലുശ്ശേരി - 4410081/- 6. കുന്നുമ്മൽ - 2000000/- 7. കൊയിലാണ്ടി മുനിസിപ്പാലിറ്റി - 5500000/- 8. കുന്ദമംഗലം - 10679000/- 9. തൂണേരി - 2675200/- 2020-21 ൽ തുക വകയിരുത്തിയിരുന്നില്ല 2021-22 1. മേലടി - 2420000/- 2. കൊടുവള്ളി - 4675000/- 3. ചേളന്നൂർ - 2500000/- 4. ബാലുശ്ശേരി - 1000000/- 5. പന്തലായനി - 1200000/- |
| (ഡി) | പ്രസ്തുത വർഷങ്ങളിൽ കുന്ദമംഗലം മണ്ഡലത്തിൽ ഏതെല്ലാം പ്രവൃത്തികൾക്ക് എത്ര തുക വീതമാണ് ഇപ്രകാരം അനുവദിച്ചിരുന്നതെന്ന് വിശദമാക്കാമോ? | (ഡി) | 2019-20 ൽ സ്റ്റേറ്റ് കോർപ്പസ് ഫണ്ട് ഇനത്തിൽ കുന്ദമംഗലം നിയോജക മണ്ഡലത്തിലെ അട്ടവാട് കോട്ടകുന്ന് കുടിവെള്ള പദ്ധതിയ്ക്കായി 60,00,000/- രൂപ ഭരണാനുമതി നൽകിയിട്ടുണ്ട്. 2020-21 സാമ്പത്തിക വർഷം കോർപ്പസ് ഫണ്ട് ഇനത്തിൽ തുക അനുവദിച്ചിരുന്നില്ല. 2021-22 സാമ്പത്തിക വർഷം കുന്ദമംഗലം മണ്ഡലത്തിൽ കോർപ്പസ് ഫണ്ട് ഇനത്തിൽ പദ്ധതികളൊന്നും അനുവദിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ